ഉത്തരം

(എ) മടവൂർ പഞ്ചായത്തിൽ നാല് ബാലവാടികളും, മടവൂർ-പനപ്പാ, കുന്ന്, ഞാറയിൽക്കോണം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(സി) മേൽ പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട നാല് ഫീഡിംഗ് സെന്ററുകളും, വലിയകുന്ന് എന്ന സ്ഥലത്ത് ഒരു ഫീഡിംഗ് സെന്ററും (മൊത്തം അഞ്ച് എണ്ണം) പ്രവർത്തിക്കുന്നു.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

നഗരൂർ പഞ്ചായത്തിലെ ബാലവാടികൾ

345 [448] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ ഉള്ള മൊത്തം ബാലവാടികൾ എത്ര ; അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെയെത്ര ഫീഡിംഗ് സെന്ററുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അവിടെ എത്ര ക്രെഷുകളുണ്ടെന്നും എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ബാലവാടികളോ ഫീഡിംഗ് സെന്ററുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിൽ ആറ് ബാലവാടികൾ-നന്തായ്വനം, വെള്ളല്ലൂർ, നഗരൂർ, കടവിള, ചിത്രനല്ലൂർ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു.

(ബി) മേൽ പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട ആറ് ഫീഡിംഗ് സെന്ററുകളും കമുകറക്കോണം എന്ന സ്ഥലത്ത് ഒരു ഫീഡിംഗ് സെന്ററും (മൊത്തം 7 എണ്ണം) പ്രവർത്തിക്കുന്നു.

(സി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(ഡി) വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും ഈ വകുപ്പിന്റെ കീഴിൽ ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly